## പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2385** **11/10/2011-ൽ മറുപടിക്ക്**

### ഐ. ഇ. ഡി. എസ്. എസ്. അദ്ധ്യാപികമാർക്ക് പ്രസവാവധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു : | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ഐ. ഇ. ഡി. എസ്. എസ്. -നു കീഴിൽ എത്ര റിസോഴ്സ് അദ്ധ്യാപകരാണ് നിലവിലുള്ളത്; | എ) | ഐ. ഇ. ഡി. എസ്. എസ്. -നു കീഴിൽ 555 അദ്ധ്യാപകരാണ് നിലവിലുള്ളത്. |
| ബി) | എസ്. എസ്. എ. യ്ക്കുകീഴിൽ എത്ര റിസോഴ്സ് അദ്ധ്യാപകരാണ് നിലവിലുള്ളത്; | ബി) | എസ്. എസ്. എസ്യ്ക്കു കീഴിൽ 1163 റിസോഴ്സ് അദ്ധ്യാപകരാണ് നിലവിലുള്ളത് |
| സി) | ഈ രണ്ടു സംവിധാനത്തിലും പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെ സേവന വ്യവസ്ഥയും ആനുകൂല്യങ്ങളും സമാനമാണോ; | സി) | അല്ല. |
| ഡി) | എങ്കിൽ എസ്. എസ്. എ.യ്ക്കു കീഴിലുള്ള റിസോഴ്സ് അദ്ധ്യാപകർക്ക് ലഭിക്കുന്ന പ്രസവാവധി ഐ. ഇ. ഡി. എസ്. എസ്.-നുകീഴിലുള്ള അദ്ധ്യാപകർക്ക് ലഭിക്കുന്നുണ്ടോ; | ഡി) | ഇല്ല. |
| ഇ) | ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | ഇ) | എസ്.എസ്.എ.യിൽ ഒരു വർഷത്തിൽ കൂടുതൽ സേവനമനുഷ്ഠിച്ച റിസോഴ്സ് അദ്ധ്യാപകർക്ക് 3 മാസം ശമ്പളത്തോടു കൂടിയ പ്രസവാവധിയും അല്ലാത്തവർക്ക് 3 മാസത്തെ ശമ്പള രഹിത പ്രസവാവധിയും നൽകുന്നുണ്ട്. എന്നാൽ ഐ.ഇ.ഡി.എസ്.എസിനു കീഴിലെ റിസോഴ്സ് അദ്ധ്യാപകർക്ക് 3 മാസം ശമ്പളമില്ലാത്ത പ്രസവാവധിയാണ് ലഭിക്കുന്നത്. എം.എച്ച്.ആർ.ഡി.ക്ക് വർഷം തോറും നൽകുന്ന പ്രൊപ്പോസലിൽ റിസോഴ്സ് അദ്ധ്യാപകർക്ക് ശമ്പളത്തോടു കൂടിയ പ്രസവാവധിക്ക് തുക ആവശ്യപ്പെടുന്നുണ്ടെങ്കിലും ഇതുവരെ അനുവദിച്ചിട്ടില്ല. |

(.....2)

| | | | |
|---|---|---|---|
| എഫ്) | ഇവർക്കുകൂടി പ്രസവാവധി നൽകുന്നതിന് തയ്യാറാകുമോ; | എഫ്) | ഐ.ഇ.ഡി.എസ്.എസിനു കീഴിലെ റിസോഴ്സ് അദ്ധ്യാപകർക്ക് ശമ്പളമില്ലാത്ത പ്രസവാവധി നൽകുന്നുണ്ട്. അവധിക്കാലത്ത് ശമ്പളം നൽകാൻ കേന്ദ്ര സർക്കാർ എം.എച്ച്.ആർഡിയിൽ നിന്ന് തുക ലഭിച്ചാൽ അനുവദിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ